(ബി) ദീർഘനാളുകളായി പ്രവൃത്തി തടസ്സപ്പെടുന്നതുമൂലം പൊതു ഖജനാവിനുണ്ടാകുന്ന നഷ്ടം തീരദേശവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ എന്നിവ കണക്കിലെടുത്ത് പ്രസ്തുത റിപ്പോർട്ട് എത്രയും വേഗം സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട കമ്മീഷനോട് ആവശ്യപ്പെടുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) റിപ്പോർട്ട് സമർപ്പിക്കുന്നതിന് അഡ്വക്കേറ്റ് കമ്മീഷൻ ആവശ്യപ്പെട്ടിട്ടുള്ള എല്ലാ വിവരങ്ങളും നേരിട്ടും രേഖാമൂലവും പരിശോധനാ സമയത്ത് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ഭാഗത്തുനിന്നും സമർപ്പിച്ചിട്ടുള്ളതാണ്. ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ നിലവിലുണ്ടായിരുന്ന 3 റിട്ട് ഹർജികളിലെ 15-3-2013-ലെ ഹൈക്കോടതി നിർദ്ദേശപ്രകാരമാണ് എറണാകുളം അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് നടപടി സ്വീകരിച്ചുവരുന്നതും ഇതിന്റെ ഭാഗമായി ലൈൻ വലിക്കുകൾ സംബന്ധിച്ച് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ അഡ്വക്കേറ്റ് കമ്മീഷനെ നിയോഗിച്ചിട്ടുള്ളതും നിയമ നടപടികളുടെ ഭാഗമായുള്ള കൃത്യനിർവ്വഹണം സംബന്ധിച്ച് അഡ്വക്കേറ്റ് കമ്മീഷന് നിർദ്ദേശം നൽകാൻ സർക്കാരിന് നിർവ്വാഹമില്ല.

2014-15 ബഡ്ജറ്റിലെ വൈദ്യുത പദ്ധതികൾ

76 (421) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014-15 സംസ്ഥാന ബഡ്ജറ്റിൽ പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും സ്ഥാപിക്കാനായി വകയിരുത്തിയ 240 കോടി രൂപ വിനിയോഗിച്ചു നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

2014-15 സംസ്ഥാന ബഡ്ജറ്റിൽ പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും സ്ഥാപിക്കുന്നതിനായി വകയിരുത്തിയ തുക വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

ക്രമനമ്പർ	പദ്ധതിയുടെ പേര്	ചെലവഴിച്ച തുക (ലക്ഷം രൂപ)	പ്രവൃത്തിയുടെ പുരോഗതി
1	2	3	4
I	220 കെ.വി. സബ്സ്റ്റേഷൻ കാട്ടാക്കട, അനുബന്ധ ലൈനുകൾ	171.028	സബ്സ്റ്റേഷൻ 100% ലൈൻ 69%
II	110 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും		
1	പാമ്പാടി (ശേഷി വർദ്ധിപ്പിക്കൽ)	15.004	കമ്മീഷൻ ചെയ്തു.
2	കാഞ്ഞിരപ്പള്ളി (ശേഷി വർദ്ധിപ്പിക്കൽ)	21.86	കമ്മീഷൻ ചെയ്തു.
3	എറണാകുളം നോർത്ത് (ശേഷി വർദ്ധിപ്പിക്കൽ)	7.117	സബ്സ്റ്റേഷൻ 96%ലൈൻ 60%
4	അങ്കമാലി (ശേഷി വർദ്ധിപ്പിക്കൽ)	60.45	53%
5	പുതുക്കാട് (ശേഷി വർദ്ധിപ്പിക്കൽ)	750	കമ്മീഷൻ ചെയ്തു.
6	കുത്തുപറമ്പ് (ശേഷി വർദ്ധിപ്പിക്കൽ)	766	കമ്മീഷൻ ചെയ്തു.
III	66 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും		
1	ഈസ്റ്റ് കല്ലട	15.49	4%
2	തെന്മല	162.4263	കമ്മീഷൻ ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

1	2	3	4
3	തേവലക്കര		പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.
IV	33 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും		
1	മണിമല	62.03	സബ്സ്റ്റേഷൻ 63% ലൈൻ 57%
2	കട്ടിയ്ക്കൽ	12.45	സബ്സ്റ്റേഷൻ 17% ലൈൻ 100%
3	കടപ്ര	35.37	സബ്സ്റ്റേഷൻ 42% ലൈൻ 100%
4	കല്ലറ	10.27	സബ്സ്റ്റേഷൻ 42%
5	പോത്തുകല്ല്	89.60	സബ്സ്റ്റേഷൻ 19% ലൈൻ 58%
6	കല്പകഞ്ചേരി		പ്രാരംഭ നടപടികൾ ആരംഭിച്ചു. സ്ഥലം ലഭിച്ചു.
7	മഞ്ചേരി സൗത്ത്		സ്ഥലം ലഭ്യമാക്കേണ്ടതുണ്ട്.
8	വൈദ്യുതി ഭവനം, പാലക്കാട്	530	കമ്മീഷൻ ചെയ്തു.
9	പേരാമ്പ്ര	289.8	ലൈൻ 75%
10	കാസർഗോഡ് ടൗൺ		കൺട്രോൾ റൂമിന്റെ പണി അരംഭിച്ചു.
11	കാഞ്ഞങ്ങാട് ടൗൺ	1.35	സബ്സ്റ്റേഷൻ 19%

1	2	3	4
V	മറ്റ് ലൈനുകൾ		
1	പള്ളിവാസൽ വിപുലീകരണ ജലവൈദ്യുതി പദ്ധതിയിലേയ്ക്കുള്ള 220 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ		പണി നടന്നുകൊണ്ടിരിക്കുന്നു.
2	220 കെ.വി. കാട്ടാക്കട-ബാലരാമപുരം വിഴിഞ്ഞം ലൈൻ (മൾട്ടിസർക്യൂട്ട്-ഡബിൾ സർക്യൂട്ട്)	940	27%, 17%
3	110 കെ.വി. രാമപുരം മേലാറ്റൂർ 2nd സർക്യൂട്ട് ലൈൻ		ടെണ്ടറിൽ ആരും ക്വാട്ട് ചെയ്തിട്ടില്ല.
4	110 കെ.വി. മലാപറമ്പ്-രാമപുരം മൾട്ടിസർക്യൂട്ട് ലൈൻ	177.11	സബ്സ്റ്റേഷൻ 99% ലൈൻ 43%
5	110 കെ.വി. വൈറ്റില-ന്യൂവൈറ്റില ലിങ്ക് ലൈൻ		പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.
6	110 കെ.വി. മലപ്പുറം-തിരൂർ 2nd സർക്യൂട്ട് ലൈൻ		നിർമ്മാണം തുടങ്ങിയിട്ടില്ല.
7	110 കെ.വി. വടകര-തലശ്ശേരി ലൈൻ ഇരട്ടിപ്പിക്കൽ	33.44	37%
8	110 കെ.വി. വിദ്യാനഗർ കുമ്പന്നൂർ ലൈൻ ഇരട്ടിപ്പിക്കൽ		ടെണ്ടർ നടപടികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1	2	3	4
9	110 കെ.വി. പാറശ്ശാല-നെയ്യാറ്റിൻകര ലൈൻ (അപ്ഗ്രഡേഷൻ)		പണിനടന്നു കൊണ്ടിരിക്കുന്നു.
10	66 കെ.വി. കുയിലിമല-വാഴത്തോപ്പ് ഡബിൾ സർക്യൂട്ട് ലൈൻ	24.39	50%
11	33 കെ.വി. ഭൂഗർഭ കേബിൾ ഇരിട്ടി മുതൽ ബാരാപ്പോൾ വരെ	121.725	സബ്സ്റ്റേഷൻ 15% ജോലികൾ

പേരാമ്പ്ര 33 കെ.വി. സബ്സ്റ്റേഷൻ

77 (422) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്രയിൽ 33 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി രജിസ്ട്രേഷൻ വകുപ്പിന്റെ ഭൂമി ഏറ്റെടുത്തത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ ;

(ബി) സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും എത്ര രൂപ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നീണ്ടു പോകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) സബ്സ്റ്റേഷൻ പണി എപ്പോൾ പൂർത്തിയാക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭൂമി ഏറ്റെടുക്കുന്നതിന് 25-3-2011-ൽ പാട്ടക്കരാർ ഒപ്പുവച്ചെങ്കിലും 30-12-2012-നാണ് സ്ഥലം കൈവശത്തിൽ ലഭിച്ചത്.

(ബി) സബ്സ്റ്റേഷനായി ഏറ്റെടുത്ത ഭൂമി നിരപ്പാക്കി, സംരക്ഷണ ഭിത്തി കെട്ടി ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ഈ സബ്സ്റ്റേഷനിലേയ്ക്കുള്ള 33 കെ.വി. ലൈനിന്റെ നിർമ്മാണം 80% പൂർത്തിയായിട്ടുണ്ട്. സബ്സ്റ്റേഷന്റെയും ലൈനിന്റെയും നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ 289.84 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly